പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6705 — 01.11.2011- ലെ മറുപടി

## യാത്രാക്ലേശം പരിഹരിക്കുന്നതിന് നടപടി

ചോദ്യം — ഉത്തരം

ശ്രീമതി. ഗീതാ ഗോപി

ശ്രീ. വി. എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരത്ത് കൊല്ലംകോണം മുതൽ പുളിയറക്കോണം വരെയുള്ള റൂട്ടിലുള്ള യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | കൊല്ലംകോണം - പുളിയറക്കോണം റൂട്ടിൽ കെ.എസ്.ആർ.ടി.സി നിലവിൽ 2 സ്റ്റേ സർവ്വീസുകൾ ഉൾപ്പെടെ 4 സർവ്വീസുകൾ നടത്തിവരുന്നുണ്ട്. അതുകൊണ്ട് തന്നെ ഈ റൂട്ടിൽ കാര്യമായ യാത്രാക്ലേശം ഉണ്ട് എന്ന് കരുതുന്നില്ല. |
| (ബി) | പ്രസ്തുത പ്രദേശങ്ങളിൽ നിന്നും നഗരത്തിലെ വികാസ്ഭവൻ, നിയമസഭാ മന്ദിരം, പബ്ലിക് ഓഫീസ്, കോർപ്പറേഷൻ ഓഫീസ്, പബ്ലിക് ലൈബ്രറി തുടങ്ങിയ സുപ്രധാന ഓഫീസുകളിലും മറ്റു സ്ഥാപനങ്ങളിലും ജോലി ചെയ്യുന്നവർക്ക് പ്രസ്തുത റൂട്ടിൽ നിലവിലുള്ള ബസ് സർവ്വീസ് പ്രയോജനപ്പെടുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | പ്രസ്തുത പ്രദേശങ്ങളിൽ നിന്നും വരുന്ന എല്ലാ സർവ്വീസുകളും പാളയം - സ്റ്റാച്യു വഴി കിഴക്കേകോട്ടയിലേക്കും തിരിച്ചും സർവ്വീസ് നടത്തുന്നതുകൊണ്ട് വികാസ്ഭവൻ, നിയമസഭാ മന്ദിരം, പബ്ലിക് ഓഫീസ് കോർപ്പറേഷൻ ഓഫീസ്, പബ്ലിക് ലൈബ്രറി തുടങ്ങിയ സുപ്രധാന ഓഫീസുകളിലും മറ്റു സ്ഥാപനങ്ങളിലും ജോലി ചെയ്യുന്നവർക്ക് കാര്യമായ യാത്രാക്ലേശം അനുഭവപ്പെടുന്നുവെന്ന് കരുതുന്നില്ല. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ അതു സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കാമോ ; | (സി) യും (ഡി) യും | ഉണ്ട്. പരാതിയുടെ അടിസ്ഥാനത്തിൽ 09.20-ന് പുളിയറക്കോണത്തുനിന്നും കൊല്ലംകോണം - ജഗതി വഴി കിഴക്കേകോട്ടയിലേക്ക് ഒരു ട്രിപ്പ് നടത്തി വരുന്നുണ്ട്. |
| (ഡി) | പ്രസ്തുത യാത്രാക്ലേശം പരിഹരിക്കുന്നതിന് പുളിയറക്കോണത്തുനിന്നും പേയാട് വഴി വെള്ളയമ്പലം, ശാസ്തമംഗലം, പാളയം, യൂണിവേഴ്സിറ്റി വരെ വികാസ് ഭവൻ ഡിപ്പോയിൽ നിന്നും ദിവസേന രാവിലെയും വൈകിട്ടും പുതിയ 2 സർവീസുകൾ തുടങ്ങുന്നതിനു അടിയന്തിര നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ